# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1918

12.02.2013 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## അന്തർ ജില്ലാ സ്ഥലമാറ്റം

**ചോദ്യം**

ശ്രീ. കെ. എം. ഷാജി

(എ) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ പി.എസ്.സി, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, നിയമസഭാ സെക്രട്ടേറിയറ്റ് മുതലായ സ്ഥാപനങ്ങളിൽ ഓഫീസ് അറ്റന്റന്റ്മാർക്ക് അന്തർജില്ലാ സ്ഥലമാറ്റം അനുവദിക്കുമ്പോൾ അവർ പരീക്ഷ എഴുതിയ മാതൃജില്ലകളിൽ അഡൈ്വസ് തീയതി മുതൽ സീനിയോറിറ്റി ലഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ;

(സി) സെക്രട്ടേറിയറ്റിൽ നിന്നും അന്തർ ജില്ലാ സ്ഥലമാറ്റം ലഭിക്കുന്ന ജീവനക്കാർക്ക് അവരുടെ മാതൃജില്ലകളിൽ സീനിയോറിറ്റി അനുവദിച്ചു കിട്ടുന്നുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നിയമസഭാ സെക്രട്ടേറിയറ്റിൽ ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമനം ലഭിക്കുന്നവർക്ക് പ്രസ്തുത ആനുകൂല്യം ഇപ്പോൾ ലഭ്യമാണോ ;

(ഇ) 04.03.2010 - ൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുറത്തിറക്കിയ GO (P) 5/10 അനുസരിച്ച് എല്ലാ ഓഫീസ് അറ്റന്റന്റ് ജീവനക്കാർക്കും അവരുടെ അഡൈ്വസ് സീനിയോറിറ്റി

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
ബഹു. മുഖ്യമന്ത്രി

(എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും

ഗവ. സെക്രട്ടേറിയറ്റ്, നിയമസഭ സെക്രട്ടേറിയറ്റ് തുടങ്ങി ജില്ലകളിൽ എക്സ്റ്റൻഷൻ ഓഫീസുകൾ ഇല്ലാത്ത വകുപ്പുകളിൽ ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമനം ലഭിക്കുന്ന ഓഫീസ് അറ്റൻഡന്റുമാർക്ക് അവർ തെരഞ്ഞെടുത്ത ജില്ലകളിലേയ്ക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിക്കുമ്പോൾ അവർ പരീക്ഷ എഴുതിയ ജില്ലാ പി.എസ്.സി. യുടെ അഡൈ്വസ് തീയതി മുതൽ സീനിയോറിറ്റി ലഭിക്കുന്നതിന് 04.03.2010 - ലെ സ.ഉ. (പി) 5/2010/P&ARD പ്രകാരം അർഹതയുണ്ട്. എന്നാൽ നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും അന്തർ വകുപ്പ് സ്ഥലം മാറ്റം മുഖേന സ്വന്തം

| | | | |
|---|---|---|---|
| | അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ഇത്തരം അന്തർ ജില്ലാ സ്ഥലമാറ്റം മ്യൂച്ചൽ ട്രാൻസ്ഫർ മുഖേന സ്വന്തം ജില്ലകളിൽ നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് അവരുടെ അഡ്വൈസ് സീനിയോറിറ്റി ലഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | | ജില്ലകളിൽ വിടുതൽ ചെയ്തു പോകുന്ന ജീവനക്കാർക്ക് സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകേണ്ടത് നിയമനം നൽകുന്ന വകുപ്പാണ്. |
| (എഫ്) | ഒരിക്കൽ പ്രൊബേഷൻ പൂർത്തിയാക്കിയവർക്ക് വീണ്ടും പ്രൊബേഷൻ പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ഒഴിവാക്കുമോ ? | (എഫ്) | കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിലെ ചട്ടം 10 പ്രകാരം ചട്ടം 17 - ലെ ഉപചട്ടം (d) യിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു വകുപ്പിലേയോ ഓഫീസിലേയോ ഏതെങ്കിലും കാറ്റഗറിയിലുള്ള ഒരു തസ്തികയിലെ സേവനം മറ്റൊരു വകുപ്പിലേയോ ഓഫീസിലേയോ അതേ കാറ്റഗറിയിലെ മറ്റൊരു തസ്തികയിലെ പ്രൊബേഷനും സീനിയോറിറ്റിയ്ക്കും കണക്കാക്കുന്നതാണ്. മേൽ ചട്ടങ്ങളിൽ ഒരിക്കൽ പ്രൊബേഷൻ പൂർത്തിയാക്കിയവർ വീണ്ടും പ്രൊബേഷൻ പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ